**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6159** **17-03-2023 - ൽ മറുപടിയ്ക്ക്**

**ബീ കീപ്പിങ് ഫീൽഡ്മാൻ തസ്തികയിലേയ്ക്കുള്ള നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പി.എസ്.സി. കാറ്റഗറി നമ്പർ 136/2021 പ്രകാരം കേരള ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിലെ ബീ കീപ്പിങ് ഫീൽഡ്മാൻ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങൾ അനുസരിച്ച് നിശ്ചയിച്ചിട്ടുള്ള യോഗ്യതാ കോഴ്സായ ഒരു വർഷ എപിയറിസ്റ്റ് കോഴ്സ് പൂനെയിലുള്ള സെൻട്രൽ ബീ റിസർച്ച് ആന്റ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ 2002-ന് ശേഷം നടത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | മറ്റേതെങ്കിലും അംഗീകൃത സ്ഥാപനങ്ങൾ പ്രസ്തുത യോഗ്യതാ കോഴ്സ് നടത്തുന്നുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | മറ്റേതെങ്കിലും അംഗീകൃത സ്ഥാപനങ്ങൾ ഇത്തരം ഒരു കോഴ്സ് നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കേരള ഖാദി ആന്റ് വില്ലജ് ഇൻഡസ്ട്രീസ് ബോർഡിലെ ബീ കീപ്പിങ് ഫീൽഡ്മാൻ തസ്തികയിൽ താല്ക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ പ്രസ്തുത ജീവനക്കാർക്ക് നിർദ്ദിഷ്ട യോഗ്യതയുണ്ടോയെന്ന് അറിയിക്കാമോ; | (സി) | ബീ കീപ്പിങ് ഫീൽഡ്മാൻ തസ്തികയിൽ താല്ക്കാലിക ജീവനക്കാർ ആരും ജോലി ചെയ്യുന്നില്ല. |
| (ഡി) | പ്രസ്തുത തസ്തികയിലേക്ക് നിലവിൽ നിശ്ചയിച്ചിട്ടുള്ള യോഗ്യതയുള്ള മതിയായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത സാഹചര്യമുണ്ടെങ്കിൽ പൂനെയിലുള്ള സെൻട്രൽ ബീ റിസർച്ച് ആന്റ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന ബീ കീപ്പിങ് ട്രെയിനിങ് സർട്ടിഫിക്കറ്റ് കോഴ്സ്/മറ്റ് ഉചിതമായ കോഴ്സുകൾ നിശ്ചിത യോഗ്യതയായി നിശ്ചയിച്ച് ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്ന കാര്യം പരിഗണിക്കാമോ; എങ്കിൽ ഇപ്രകാരമുള്ള ശിപാർശ പി.എസ്.സി.-യിൽ നിന്നും ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (ഡി) | ബീ കീപ്പിംഗ് ഫീൽഡ്മാൻ തസ്തികയിൽ നിലവിൽ നിശ്ചയിച്ചിട്ടുള്ള യോഗ്യതയ്ക്ക് അനുസരണമായി നിയമനത്തിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വിജ്ഞാപനം ചെയ്തിരുന്നുവെങ്കിലും നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ലഭിച്ചിട്ടില്ലാത്തതിനാൽ ഉദ്യോഗാർത്ഥികളെ ലഭ്യമാകുന്ന തരത്തിൽ വിശേഷാൽ ചട്ടങ്ങളിൽ നിലവിലുള്ള യോഗ്യതയിൽ അനുയോജ്യമായ മാറ്റം വരുത്തുന്നതിനുള്ള നിർദ്ദേശം പി.എസ്.സി യിൽ നിന്നും ലഭിച്ചിട്ടുള്ളത് സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ